# മികവ് 2025

# അക്കാദമിക മാസ്റ്റർ പ്ലാൻ




## GHSS
## ചെമ്പുച്ചിറ

Email : ghsschembuchira@yahoo.com

Scanned with OKEN Scanner

# ഉള്ളടക്കം


- ആമുഖം
- സ്കൂൾ - ചരിത്രം
- അടിസ്ഥാനവിവരങ്ങൾ
- മികവുകൾ
- പരിമിതികൾ
- ലക്ഷ്യങ്ങൾ
- പ്രവർത്തന വിശകലനം
- ഉപസംഹാരം


Scanned with OKEN Scanner

# ആമുഖം

ഏതൊരു സമൂഹത്തിന്റേയും സർവ്വതോമുഖ വികാസത്തിന് അടിത്തറ പാകുന്നത് അവിടുത്തെ ജനങ്ങൾ നേടുന്ന വിദ്യാഭ്യാസമാണ്. അതുകൊണ്ടുതന്നെ നല്ല നിലവാരം പുലർത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. ഇതിലേറ്റവും പ്രധാനമാണ് പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുക എന്നത്. സാധാരണക്കാരന്റെ മക്കൾ പഠിക്കുന്ന വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിയാൽ, വിദ്യാഭ്യാസകാര്യത്തിൽ സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വവും അന്തരവും ഒരു പരിധിവരെ ഇല്ലാതാക്കാൻ കഴിയും. മതനിരപേക്ഷതയോടൊപ്പം തുല്യതയും ഗുണതയും വിദ്യാഭ്യാസത്തിൽ ഉറപ്പുവരുത്തേണ്ടതുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം കുട്ടിക്ക് ലഭിക്കേണ്ടതുണ്ട്. ഇത്തരം സ്വപ്നങ്ങൾ സാക്ഷാത്കരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്. പൊതുവിദ്യാലയങ്ങൾ ഭൗതിക മികവുകൾ കൈവരിക്കുന്നതോടൊപ്പം അക്കാദമിക മികവു പുലർത്തി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരണമെന്ന് ഓരോ വ്യക്തിയും ആഗ്രഹിക്കുന്നു. അത് നടപ്പിലാക്കുന്നതിന് ലഭിച്ചിരിക്കുന്ന അവസരം പരമാവധി പ്രയോജനപ്പെടുത്തി ഞങ്ങളുടെ വിദ്യാലയം - ചെമ്പുച്ചിറ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ മികവിന്റെ കേന്ദ്രമാക്കി മാറ്റുമെന്ന് ഉറപ്പുനൽകുന്നു. അതിനുവേണ്ട എല്ലാ സഹായ സഹകരണങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കട്ടെ...

Scanned with OKEN Scanner

# സ്കൂളിന്റെ ചരിത്രം

കൊല്ലവർഷം 23-10-1103ലാണ് ചെമ്പുചിറ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ആരംഭിച്ചത്. ചെമ്പുചിറ ദേശത്തെ ശ്രീ പള്ളത്തേരി മാധവനെന്ന വ്യക്തിയാണ് മലയോര ഗ്രാമപ്രദേശമായ ചെമ്പുച്ചിറയിൽ ഒരു വിദ്യാലയം പണിയുകയെന്ന സദ്ഉദ്യമത്തിന് തുടക്കം കുറിച്ചത്. ആരംഭത്തിൽ എം. എസ്. ചെമ്പുച്ചിറ എന്നറിയപ്പെട്ട വിദ്യാലയം. പിന്നീട് അദ്ദേഹം സർക്കാരിലേക്ക് കൈമാറുകയും വിദ്യാലയത്തിന്റെ പേര് ഗവൺമെന്റ് എൽ.പി.എസ്. എന്നുമാറുകയും ചെയ്തു.

1976 ൽ യു.പി.സ്കൂളായും 1981 ൽ ഹൈസ്കൂളായും 2024 ൽ ഹയർസെക്കന്ററി സ്കൂളായും വിദ്യാലയം ഉയർന്നു. അതാത് കാലഘട്ടത്തിലെ ജനപ്രതിനിധികളായിരുന്ന ശ്രീ. ലോനപ്പൻ നമ്പാടൻ മാസ്റ്റർ, ശ്രീ. സി.ജി. ജനാർദ്ധനൻ, ശ്രീ. കെ.പി. വിശ്വനാഥൻ, ശ്രീ. രവീന്ദ്രനാഥ് എന്നിവരുടെയെല്ലാം പ്രത്യേക താൽപര്യവും പിന്തുണയും, പ്രോത്സാഹനവും വിദ്യാലയത്തെ കൂടുതൽ ഉന്നതിയിലേക്ക് നയിച്ചു. നാട്ടിലെ പാവപ്പെട്ട കർഷക തൊഴിലാളികളും, കൂലിപണിക്കാരും, പ്രവാസികളും വിദ്യാലയത്തിന്റെ വളർച്ചയിൽ വഹിച്ച പങ്ക് വിസ്മരിക്കാവുന്നതല്ല.

വളരെയധികം പരിമിതികൾക്കകത്തുനിന്നുകൊണ്ട് പ്രവർത്തനമാരംഭിച്ച വിദ്യാലയം ഇന്ന് ഭൗതിക സാഹചര്യങ്ങൾ കൊണ്ടും അക്കാദമിക നിലവാരത്തിലും മികവ് പുലർത്തുന്നു എന്നത് അഭിമാനാർഹമാണ്. ഇന്ന് കാണുന്ന ഭൗതിക സാഹചര്യങ്ങൾ ലഭ്യമായതിൽ ഇന്നത്തെ നമ്മുടെ ബഹുമാന്യനായ വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ് അവർകളുടെ സംഭാവനകൾ എടുത്തുപറയാവുന്നതും മികവുറ്റതുമാണ്. ഇന്ന് നമ്മുടെ വിദ്യാലയം നവതിയുടെ നിറവിൽ എത്തിചേർന്നു നിൽക്കുന്നുവെന്ന വസ്തുത ഏറെ അഭിമാനം പകരുന്നു.

# ജി.എച്ച്.എസ്.എസ്. ചെമ്പുച്ചിറ

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂൾ സ്ഥാപിത വർഷം | : | 1928 |
| സർവ്വേ നമ്പർ | : | 33/294, 3ആർ 01 സെന്റ് |
| ദേശം | : | ചെമ്പുച്ചിറ |
| പഞ്ചായത്ത് | : | മറ്റത്തൂർ |
| വില്ലേജ് | : | മറ്റത്തൂർ |
| താലൂക്ക് | : | ചാലക്കുടി |
| വാർഡ് | : | 2 |
| ബി.ആർ.സി. | : | കൊടകര |
| സബ് ജില്ല | : | ചാലക്കുടി |
| വിദ്യാഭ്യാസ ജില്ല | : | ഇരിങ്ങാലക്കുട |
| ജില്ല | : | തൃശ്ശൂർ |
| ഫോൺ | : | 0480 2780035 |
| നിയമസഭാമണ്ഡലം | : | പുതുക്കാട് |
| ലോകസഭാമണ്ഡലം | : | തൃശ്ശൂർ |
| പ്രധാനാധ്യാപകൻ | : | അഫ്സത്ത് |
| പ്രിൻസിപ്പാൾ | : | പ്രീത |
| എസ്.എം.സി. ചെയർമാൻ | : | സുഭാഷ് ചന്ദ്രബോസ് |
| പി.ടി.എ. പ്രസിഡന്റ് | : | മഞ്ജു സജി |
| എം.പി.ടി.എ. പ്രസിഡന്റ് | : | ജിസി ടിറ്റൺ |

Scanned with OKEN Scanner

## Roll of Strength

| Std | No.of Div. | Boys | Girls | Total |
|---|---|---|---|---|
| Pre-Primary | 4 | 45 | 49 | 94 |
| 1 | 2 | 23 | 39 | 62 |
| 2 | 2 | 36 | 26 | 62 |
| 3 | 2 | 32 | 17 | 49 |
| 4 | 2 | 32 | 21 | 53 |
| 5 | 3 | 42 | 27 | 69 |
| 6 | 3 | 29 | 40 | 79 |
| 7 | 3 | 42 | 77 | |
| 8 | 3 | 37 | 26 | 63 |
| 9 | 2 | 45 | 33 | 78 |
| 10 | 2 | | | 81 |
| Science | Plus One | 18 | 42 | 60 |
| Science | Plus Two | 19 | 39 | 58 |
| Commerce | Plus One | 25 | 35 | 60 |
| Commerce | Plus two | 23 | 37 | 60 |
| Computer science | Plus One | 43 | 12 | 55 |
| Computer Science | Plus two | 39 | 22 | 61 |
| **Total** | **34** | **578** | **465** | **1121** |

| No. of Staff | |
|---|---|
| Pre-Primary | 5 |
| Non Teaching Staff | 4 |
| LP | 8 |
| UP | 10 |
| High School | 12 |
| Higher Secondary | 13 |
| Total | 51 |

Scanned with OKEN Scanner

# പരിമിതികൾ

ഭൗതിക സാഹചര്യങ്ങളോടൊപ്പം തന്നെ അക്കാദമിക കാര്യങ്ങളിലും വിദ്യാലയം കുറച്ചുകൂടി മുന്നേറേണ്ടതുണ്ട്. അക്കാദമിക മികവ് പൂർണ്ണമായും കൈവരിക്കുന്നതിന് തടസ്സമായ ചില പരിമിതികൾ ചൂണ്ടികാണിക്കട്ടെ.

വിവിധ മത്സര പരീക്ഷകളിൽ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. സയൻസ് ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, ഭാഷാശാസ്ത്രലാബ് എന്നിവ ആധുനിക സൗകര്യങ്ങളോടുകൂടി സജ്ജീകരിക്കേണ്ടതുണ്ട്. ഫർണ്ണിച്ചറുകളുടെയും, സ്ഥല സൗകര്യങ്ങളുടേയും കുറവ് നിമിത്തം ക്ലാസ് തല ലൈബ്രറിയും സജ്ജീകരിക്കാനാവുന്നില്ല. കലാ-കായിക പരിശീലനത്തിന് അധ്യാപകരില്ലാത്ത അവസ്ഥ, നല്ല കളിസ്ഥലമില്ല, കുട്ടികൾക്ക് ആവശ്യാനുസരണമുള്ള ലാപ്ടോപ്പുകളുടെ കുറവ്, ഇവയുടെ സാങ്കേതിക തകരാറുകൾ പെട്ടെന്ന് പരിഹരിച്ച് കിട്ടാത്ത അവസ്ഥ. ഇതെല്ലാം അക്കാദമിക മികവിനെ ബാധിക്കുന്നു.

പാഠഭാഗങ്ങളുടെ ബാഹുല്യം പലപ്പോഴും ഇത്തരം സജീവ പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നു. സമയകുറവ്, സാമ്പത്തിക പ്രശ്നങ്ങൾ എന്നിവയും പ്രശ്നം തന്നെ. ഐ.ടി. മേഖലയിൽ പ്രത്യേക വൈദഗ്ദ്ധ്യം നേടിയ അധ്യാപകരും ലാബ് അസിസ്റ്റന്റും, ലൈബ്രേറിയനും വിദ്യാലയത്തിൽ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ഒന്നോ രണ്ടോ കുട്ടികളുടെ കുറവ് നിമിത്തം ഡിവിഷൻ നഷ്ടപ്പെട്ട് അധ്യാപകർ വിദ്യാലയത്തിൽ നിന്നും മാറി പോകേണ്ടി വരുമ്പോൾ നിലവിലുള്ള അധ്യാപകരുടെ ജോലിഭാരം കൂടുകയും, കുട്ടികളെ വേണ്ട വിധം ശ്രദ്ധിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. ഇതിനെല്ലാം പരിഹാരമുണ്ടാകേണ്ടത് അനിവാര്യമാണ്.

Scanned with OKEN Scanner

# പൊതുലക്ഷ്യങ്ങൾ

1. മതനിരപേക്ഷ മൂല്യങ്ങൾ ഉയർത്തിപിടിച്ച് ഗ്രാമീണമേഖലയിൽ എല്ലാ ജനവിഭാഗങ്ങൾക്കും സൗജന്യവിദ്യാഭ്യാസം ഉറപ്പാക്കുക.
2. അക്കാദമിക മികവിന് ഉകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
3. വിഷയാടിസ്ഥാനത്തിൽ എല്ലാ ക്ലാസുകളിലേയും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നല്കികൊണ്ടുള്ള പ്രവർത്തന പദ്ധതികൾ രൂപപ്പെടുത്തുക.
4. അധ്യയനം രസകരമാക്കി കാര്യങ്ങൾ കുട്ടിയിൽ ആഴത്തിൽ എത്തിക്കുക.
5. തുല്യതയ്ക്കും ഗുണതയ്ക്കും ഊന്നൽ നൽകുന്നതോടൊപ്പം മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വികസിപ്പിക്കുക.
6. സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും അവന്റെ കഴിവിനും അഭിരുചിക്കും അനുസരിച്ചുള്ള തൊഴിൽ സ്വായത്തമാക്കാനുള്ള വഴി ഒരുക്കുക.
7. പഠനത്തോടൊപ്പം കലാ - കായിക പൊതുവിജ്ഞാന രംഗത്തും കുട്ടിക്ക് അന്താരാഷ്ട്ര തലത്തിൽ മികവ് തെളിയിക്കുന്നതിനുള്ള അവസരം ഒരുക്കുക.
8. കാമ്പസിനെ പാഠപുസ്തകവുമായി ബന്ധിപ്പിക്കുക.
9. ലഹരി വിമുക്ത സമൂഹവും കാമ്പസും വാർത്തെടുക്കുക.
10. ടാലന്റ് ലാബുകൾ സജ്ജീകരിക്കുന്നതോടൊപ്പം പെൺകുട്ടികളുടെ ശാക്തീകരണം, ഭിന്നശേഷിക്കാരെ പരിഗണിയ്ക്കൽ.

Scanned with OKEN Scanner

കുട്ടികളുടെ സമഗ്രവികസനം മുഖമുദ്രയാക്കി പ്രവർത്തനങ്ങൾ നടക്കുന്ന മികവിന്റെ കേന്ദ്രമായ ജി.എച്ച്.എസ്.എസ്. ചെമ്പുച്ചിറ. 2023- 24 അധ്യയനവർഷം സ്കൂളിനെ സംബന്ധിച്ച് ഏറ്റവും വിലമതിക്കുന്ന ഒന്ന് ആയിരുന്നു. SSLC പരീക്ഷ എഴുതിയ 102 വിദ്യാർത്ഥികളും ഉപരിപഠനത്തിന് അർഹരായി. 100% വിജയത്തോടൊപ്പം 37 FULL A+, 5-9 A+, 6-8A+ എന്നീ നേട്ടങ്ങളും കൈവരിക്കാൻ സാധിച്ചു.

LSS, USS, NMMS, SANSKRIT SCHOLARSHIP പരീക്ഷകളിലും ഞങ്ങളുടെ കുട്ടികൾ തിളങ്ങി നിൽക്കുന്നു. 10 കുട്ടികൾക്ക് LSS, 4 പേർക്ക് USS, 3 പേർക്ക് NMMS സ്കോളർഷിപ്പ് നേടാൻ സാധിച്ചു. 8 പേർ സംസ്കൃതം സ്കോളർഷിപ്പിനും അർഹരായി.

ഞങ്ങളുടെ ശക്തികേന്ദ്രങ്ങളാണ് SPC, JRC, LITTLE KITES യൂണിറ്റുകൾ. SPCയുടെ കീഴിൽ അഭിമാനകരമായ പ്രവർത്തനങ്ങൾ കുട്ടികൾ കാഴ്ചവെക്കുന്നു. SPC യൂണിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ തയ്യാറാക്കിയ ചുമർചിത്രം EXCISE ചാലക്കുടി റേഞ്ചിൽ ഒന്നാം സ്ഥാനം നേടി. സ്കൂൾ നഴ്സറി യോജനയുടെ ഭാഗമായി സ്കൂൾ അങ്കണത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ 1000 വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചു. 'ബാല' പദ്ധതിക്ക് 2023 അവസാനത്തോടെ തുടക്കം കുറിച്ചു.

ശാസ്ത്രമേള, കലാമേള, കായികമേള എന്നിവയിലും മിന്നുന്ന പ്രകടനം കാഴ്ചവെക്കാൻ സാധിച്ചു. സയൻസ് വിഭാഗത്തിൽ എച്ച്.എസ്. ഉപജില്ലാതലത്തിൽ ഒന്നാംസ്ഥാനം നേടാനായി. സംസ്കൃതോത്സവത്തിൽ ഉപജില്ലാ തലത്തിൽ യു.പി. വിഭാഗം ഓവറോൾ 3rd. നേടാനായതും ഞങ്ങളുടെ നേട്ടമാണ്. (65-ാമത് കേരള സ്റ്റേറ്റ് സ്കൂൾ അത്‌ലറ്റ് മീറ്റിൽ തൃശ്ശൂർ ജില്ലയെ പ്രതിനിധികരിച്ച് സബ്ജൂനിയർ ആൺകുട്ടികളുടെ ഹൈജമ്പിൽ ANGE;L ROSHAN ന് പങ്കെടുക്കാൻ സാധിച്ചു). മികച്ച കുട്ടികർഷകനായി സ്വാതിക് (2-ാംക്ലാസ്സ്, കുട്ടി RJ അതിഥി വിഷ്ണു (4-ാംക്ലാസ്സ്) നല്ല നടിയായി അനന്യാസ് ടിറ്റൻ (9-ാം ക്ലാസ്സ്) തിരഞ്ഞെടുക്കപ്പെട്ടു.

ഉപജില്ല അത്‌ലറ്റിക്സ് ഓവറോൾ 6-ാം സ്ഥാനം GHSS ചെമ്പുച്ചിറ കരസ്ഥമാക്കി

UP ക്വിസ്സ് കാറ്റഗറിയിൽ ഓവറോൾ രണ്ടാംസ്ഥാനവും പെൺകുട്ടികളുടെ വിഭാഗം ഒന്നാംസ്ഥാനവും നേടിയെടുത്തു. 6-ാംക്ലാസ്സിലെ വൈഗ പ്രസാദ് വ്യക്തിഗത ചാമ്പ്യനായി. ചാലക്കുടി ഉപജില്ല KHOKHO SUB JUNIOR, JUNIOR, SENIORS ആൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാംസ്ഥാനം നേടി. തൃശ്ശൂർ റവന്യൂ ജില്ലാ തലത്തിൽ ഖൊ ഖൊ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികൾ ഒന്നാമതായി. കബഡിയിൽ ജൂനിയർ ആൺകുട്ടികൾക്ക് 2-ാംസ്ഥാനവും ലഭിച്ചു. തൃശ്ശൂർ റവന്യൂ ജില്ല ഖൊ ഖൊ ചാമ്പ്യൻഷിപ്പിൽ സബ് ജൂനിയർ വിഭാഗം പെൺകുട്ടികൾ കരസ്ഥമാക്കി. ഉപജില്ല ഫുട്ബോൾ ടൂർണ്ണമെന്റിൽ ജൂനിയർ പെൺകുട്ടികൾ രണ്ടാംസ്ഥാനം കരസ്ഥമാക്കി.

Scanned with OKEN Scanner

# BIOLOGY - HS

## കണ്ടും കേട്ടും അടുത്തറിഞ്ഞും ഉയരങ്ങളിലേക്ക് ......

പ്രപഞ്ചത്തെ പറ്റിയുള്ള അറിവ് സ്വരുകൂട്ടുകയും പരീക്ഷിച്ച് നോക്കിയും, വിശദീകരിക്കാനും പ്രവചനങ്ങളായും ക്രമീകരിക്കുന്ന ഒരു പ്രസ്ഥാനമാണ് ശാസ്ത്രം. അറിയാനും, ചോദ്യം ചെയ്യാനും പരീക്ഷിച്ച് നോക്കാനുമുള്ള മനുഷ്യസഹജമായ കൗതുകത്തിൽ നിന്നാണ് ശാസ്ത്രം ജന്മം കൊണ്ടത്. ശാസ്ത്രത്തിന്റെ വികസനത്തെക്കുറിച്ചും വികസനത്തിലെ ശാസ്ത്രത്തെക്കുറിച്ചും സംവദിക്കാനും പുതിയ സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്താനും ശാസ്ത്രാഭിരുചിയുള്ള സമൂഹത്തെ സൃഷ്ടിക്കേണ്ടതുണ്ട്. ഇതിൽ അധ്യാപകർ, വിദ്യാർത്ഥികൾ, വിദ്യാലയങ്ങൾ എന്നിവർക്ക് വലിയ പങ്കാണ് വഹിക്കാനുള്ളത്. ശാസ്ത്രം പഠിക്കുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്.

Scanned with OKEN Scanner

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|
| 1. മേഖല : പരിസ്ഥിതി ദിനാചരണം<br>പ്രകൃതി ദിനാചരണവുമായി ബന്ധപ്പെട്ട് ഔഷധ സസ്യം /പച്ചക്കറി, ചെണ്ടുമല്ലി തോട്ട നിർമ്മാണം | 1 വർഷം | പരിസ്ഥിതി ക്ലബ്ബ് | 5000 | കുട്ടികളിൽ പച്ചക്കറി, ഔഷധസസ്യം എന്നിവയെകുറിച്ചുള്ള അവബോധം ഉളവാക്കുക. |
| 2. മേഖല : ലഹരി നിർമ്മാർജ്ജനം<br>ബോധവൽക്കരണ ക്ലാസ്സുകൾ<br>റാലി ഫ്ലാഷ്മോബ്<br>ലഹരി വിരുദ്ധ സന്ദേശം നൽകുന്ന ലഘുനാടകങ്ങൾ etc.<br>ഷോർട്ട് ഫിലിം | 1 വർഷം | ലഹരി വിരുദ്ധ ക്ലബ്ബ് വിമുക്തി, SPC സ്കൂൾതല സമിതി JRC, PTA, MPTA | 3000 | വിദ്യാർത്ഥികളിൽ ലഹരിയുടെ ദോഷവശങ്ങളെകുറിച്ച് ബോധവാൻമാരാകുക. |
| 3. മഴക്കാല ശുചീകരണം, മഴക്കാലരോഗങ്ങൾ, മാലിന്യ സംസ്കരണം<br>**DRY DAY**<br>കൊതുക് നിർമ്മാർജ്ജനം<br>മലിനജലം ഒഴിവാക്കൽ<br>(വിദ്യാലയത്തിലും, വീട് പരിസരവും) | 4 മാസം<br>(ജൂൺ – സെപ്തംബർ) | ഹെൽത്ത്, ഇക്കോ നേച്ചർ ക്ലബ്ബുകൾ | | മാലിന്യ വിമുക്ത വിദ്യാലയവും വീടും |

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|
| പരിസര ശുചീകരണം<br>**സർവ്വെ**<br>മഴക്കാല രോഗങ്ങളെ കുറിച്ചുള്ള സർവ്വെ<br>**ബോധവൽക്കരണ ക്ലാസ്സ്**<br>മഴക്കാലരോഗങ്ങളെകുറിച്ച് (ഡോക്ടർ)<br>**മാലിന്യ സംസ്കരണം**<br>വിദ്യാലയത്തിലും വീടുകളിലും മാലിന്യങ്ങളെ ജൈവ അജൈവിക മാലിന്യം തരംതിരിക്കുന്നു. | 4 മാസം<br>1 ദിവസം<br>1 വർഷം | ഹെൽത്ത് ക്ലബ്ബ് & ആരോഗ്യ വകുപ്പ്<br>ഹെൽത്ത് ക്ലബ്ബ് & ആരോഗ്യ വകുപ്പ്<br>ഹെൽത്ത് ക്ലബ്ബ് & ആരോഗ്യ വകുപ്പ്<br>പഞ്ചായത്ത് | 2500 (പി.ടി.എ)<br>1000 (പി.ടി.എ)<br>5000 (പി.ടി.എ) | മഴക്കാല രോഗങ്ങളുടെ നിർമ്മാർജ്ജനം<br>മഴക്കാല രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം<br>മാലിന്യ വിമുക്ത വിദ്യാലയവും വീടും |
| 4. മേഖല : ടീൻസ് ക്ലബ്ബ് രൂപീകരണം<br>ടീൻസ് ക്ലബ്ബ് രൂപീകരണം | ജൂലൈ | Std. IXth Glass Teacher & Nodel Officer | 1000 | കൗമാരക്കാരുടെ പ്രശ്നങ്ങൾ അറിയുന്നതിനും മനസ്സിലാക്കുന്നതിനും പരിഹരിക്കുന്നതിനും |
| കൗമാരക്കാരുടെ പ്രശ്നങ്ങൾ അറിയുന്നതിനും അവരുടെ സംശയങ്ങൾ ദുരീകരിക്കുന്നതിനും ഡോക്ടറുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു | ആഗസ്റ്റ്/ സെപ്റ്റംബർ | ടീൻസ് ക്ലബ്ബ് | 500 | കൗമാരക്കാലത്ത് ഉണ്ടാകുന്ന ശാരീരിക മാനസിക മാറ്റങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുക. ഈ കാലയളവിലെ ശുചിത്വപ്രാധാന്യം മനസ്സിലാക്കുന്നതിനും |

Scanned with OKEN Scanner

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|
| **5. മേഖല : ശാസ്ത്രമേള**<br>ശാസ്ത്രമേളയ്ക്കും സ്കൂൾ തല ശാസ്ത്രമേളയിലൂടെ കണ്ടെത്തിയ കുട്ടികളെ പരിശീലിപ്പിക്കുന്നു. | 6 മാസം | Science Club, PTA, OSA, MPTA | 5000-10000 (OSA, Well wishes) | ശാസ്ത്രാവബോധം വളർത്തൽ. ഭാവി ശാസ്ത്രജ്ഞരെ കണ്ടെത്തൽ നൂതന ആശയങ്ങളും ഉപകരണങ്ങളും കണ്ടെത്തൽ |
| **6. മേഖല : പ്രഥമ ശുശ്രൂഷ**<br>ഡോക്ടറുടെ ക്ലാസ്സ്, ബോധവൽക്കരണ ക്ലാസ്സ് (റാബിസ്, ഒടിവ്, പൊള്ളൽ, CPR കൊടുക്കൽ | 3 Months (June to....) | Health Club | 2000 PTA | നിത്യ ജീവിതത്തിലേക്ക് വരുന്ന പ്രശ്നങ്ങളെ തരണം ചെയ്യാൻ ഉള്ള കഴിവ് വളർത്തുക |
| **5. മേഖല : ശാസ്ത്രമേള**<br>ശാസ്ത്രമേളയ്ക്കും സ്കൂൾ തല ശാസ്ത്രമേളയിലൂടെ കണ്ടെത്തിയ | 6 മാസം | Science Club, PTA, | 5000-10000 | ശാസ്ത്രാവബോധം വളർത്തൽ. ഭാവി ശാസ്ത്രജ്ഞരെ കണ്ടെത്തൽ നൂതന ആശയങ്ങളും ഉപകരണങ്ങളും കണ്ടെത്തൽ |
| **6. മേഖല : പ്രഥമ ശുശ്രൂഷ**<br>ഡോക്ടറുടെ ക്ലാസ്സ്, ബോധവൽക്കരണ ക്ലാസ്സ് (റാബിസ്, ഒടിവ്, പൊള്ളൽ, ക്രിത്രിമ ശ്വാസോച്ഛ്വാസം കൊടുക്കൽ | 3 Months | Health Club | 2000 PTA | നിത്യ ജീവിതത്തിലേക്ക് വരുന്ന പ്രശ്നങ്ങളെ തരണം ചെയ്യാൻ ഉള്ള കഴിവ് ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക. |

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|
| 7. മേഖല : കൗമാര വിദ്യാഭ്യാസം<br>ബോധവൽക്കരണ ക്ലാസ്സ്<br>(കുട്ടികൾക്ക് കോടതി, പോലീസ് സ്റ്റേഷൻ സന്ദർശിക്കാനുള്ള അവസരം നൽകുക | ജൂൺ - മാർച്ച് | Social Science<br>Health Club | 5000 PTA | ലൈംഗികാതിക്രമങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് ശരിയായ ലൈംഗിക വിദ്യാഭ്യാസം ലഭിക്കുന്നതിന് കുട്ടികൾ ലൈംഗിക ചൂഷണത്തിൽ നിന്ന് രക്ഷ നേടുന്നതിന് |
| 8. മേഖല : ലിംഗനീതി<br>ബോധവത്ക്കരണ ക്ലാസ്സ്<br>ഫിസിയോളജിസ്റ്റിനെ കൊണ്ടുവന്ന് കുട്ടികൾക്ക് ക്ലാസ്സ്<br>Questionace and Debate<br>(Who is men likely to do) | 1 year (1....) | Science Club<br>HM<br>PTA etc.<br>Science TR | 2000 | ലിംഗ നീതി ഉറപ്പാക്കൽ<br>ലിംഗ നീതി ഉറപ്പാക്കൽ |
| 7. മേഖല : നാടൻ ഭക്ഷണത്തിന്റെ പ്രാധാന്യം<br>നാടൻ ഭക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് ഒരു എക്സിബിഷൻ സംഘടിപ്പിക്കുന്നു. വിജയികളെ കണ്ടെത്തി മെഡൽ നൽകി അഭിനന്ദിക്കുന്നു. | 6 മാസം<br>(Any onew Choose) | Teens Club | 1000 | പരമ്പരാഗത ഭക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ഫാസ്റ്റ് ഫുഡിന്റെ ദോഷഫലങ്ങൾ മനസ്സിലാക്കുന്നതിനും |

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ മലയാളം എച്ച്.എസ്.

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| 1. വായന കളരി<br>വായന പരിപോഷി<br>പ്പിക്കൽ | ക്ലാസ്സ് ലൈബ്രറി ഒരുക്കൽ, ലൈബ്രറി പ്രയോജന പ്പെടുത്തൽ<br>പ്രാദേശിക ലൈബ്രറി അംഗത്വം,<br>പത്രവായന പരിപോഷിപ്പിക്കൽ, കുട്ടി ലൈബ്രേറിയൻ,<br>വിദ്യാരംഗം സാഹിത്യവേദി - പുസ്തക ചർച്ച, കുറിപ്പ് തയ്യാറാക്കൽ,<br>എഴുത്തുകാരെ പരിചയപ്പെടൽ | ദീർഘകാലം | ക്ലാസ്സ് ടീച്ചർ<br>മലയാളം ടീച്ചർ<br>പി.ടി.എ. | | |
| 2. എഴുത്തു കളരി<br>കുട്ടികളുടെ എഴുത്തും സാഹിത്യാഭിരുചിയും വളർത്തൽ | വായന കുറിപ്പ്, ആസ്വാദന കുറിപ്പ്, അനുഭവകുറിപ്പ് തയ്യാറാക്കൽ.<br>സർഗ്ഗാത്മക സൃഷ്ടിക്ക് അവസര മൊരുക്കൽ. അവതരണം,<br>സാഹിത്യശില്പശാല, ചർച്ച. സംവാദം | ദീർഘകാലം | മലയാളം ടീച്ചർ<br>എച്ച് എം.<br>പി.ടി.എ. | | |
| 3. കഥ, കവിത,<br>അരങ്ങ് | കഥകളും കവിതകളും ശേഖരിച്ച് അവതരിപ്പിക്കൽ, പരിചയപ്പെടൽ,<br>എഴുത്തുകാരെ പരിചയപ്പെടൽ,<br>കാവ്യശില്പ അവതരണം,<br>നാടകീകരണം | മധ്യകാലം | അധ്യാപകർ<br>പി.ടി.എം.<br>പ്രാദേശിക സാഹിത്യകാർ<br>കലാകാരൻമാർ<br>എസ്.ഐ.ടി.സി. | | |

Scanned with OKEN Scanner

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| **4. അറിവിന്റെ ഉറവിടം**<br>പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ കലാരൂപങ്ങൾ, കലാകാരൻമാർ-പരിചയപ്പെടൽ | ഫോക്ക്‌ലോർ അക്കാദമിയുടെയോ വിവിധ നാട്ടറിവ് കൂട്ടങ്ങളുടെയോ സഹകരണത്തോടെ വിദ്യാലയത്തിൽ വിവിധ കലാരൂപങ്ങൾ അവതരിപ്പിക്കൽ, ശില്പശാലകൾ ഒരുക്കൽ, കലാകേന്ദ്രങ്ങൾ | മധ്യകാലം | അധ്യാപകർ<br>പി.ടി.എ.<br>കലാകാരൻമാർ<br>കലാസംഘം | | |
| **5. വാക്ചാതുര്യം**<br>സമകാലിക പ്രാധാന്യമുള്ള വിഷയങ്ങൾ സദസ്സിനു മുന്നിൽ അവതരിപ്പിക്കാനും പ്രസംഗിക്കാനും കഴിവ് നേടുക | പ്രസംഗ കലയിൽ പ്രാവീണ്യം നേടുന്നതിന് പ്രസംഗകളരി ഒരുക്കൽ<br>പ്രാസംഗികരുടെ സഹായം<br>വിവിധ ക്ലാസ്സുകൾ<br>ശില്പശാലകൾ<br>ഐ.സി.ടി സാധ്യത<br>പ്രസംഗം കേൾക്കുക | ഹ്രസ്വകാലം | അധ്യാപകർ<br>പി.ടി.എ.<br>മികച്ച പ്രാസംഗികർ<br>എച്ച്.എം. | | |
| **6. ക്വിസ് കോർണർ**<br>കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ | കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ<br>ക്വിസ് കോർണർ സംഘടിപ്പിയ്ക്കൽ, പരിശീലനം നൽകൽ,<br>കുട്ടിചോദ്യം<br>പ്രോത്സാഹന സമ്മാനം നൽകൽ, മത്സരങ്ങൾ സംഘടിപ്പിക്കൽ | ദീർഘകാലം | അധ്യാപകർ<br>പി.ടി.എ.<br>അഭ്യുദയ കാംക്ഷികൾ | | |

Scanned with OKEN Scanner

# മാസ്റ്റർ പ്ലാൻ – ഗണിതം (എച്ച്.എസ്.)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ആശയങ്ങൾ കൈവരിക്കൽ | മുന്നറിവ് പരിശോധിക്കുന്നതിനായി പ്രീ ടെസ്റ്റ് നടത്തുന്നു | ജൂൺ | ടീച്ചർ മുന്നോക്കം നിലൽക്കുന്ന കുട്ടികൾ | ടീച്ചർ ഗ്രാന്റ് |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയ പെട്ടിയുടെ ലഭ്യത | തുടർ പ്രവർത്തനം | ടീച്ചർ | ടീച്ചർ ഗ്രാന്റ് |
| 3. ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയ ങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കൽ | ഫീൽഡ് ട്രിപ് | തുടർ | ടീച്ചർ | പി.ടി.എ |
| 4. ഗണിത ക്വിസുകൾ | ക്വിസ് നടത്തുന്നതിന് മുന്നോടിയായി ഗണിത ക്വിസ് (മോഡൽ ചോദ്യങ്ങൾ) ഗണിത ക്ലബ്ബ് മുഖേന നൽകുന്നു | ഓരോ മാസത്തിലും ലാസ്റ്റ് ഫ്രൈഡേ | Teachers members in Maths Club | Teacher |
| 5. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയ പ്പെടുത്തൽ | ശില്പശാല നടത്തുന്നു. ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ | ഒരു വർഷത്തിൽ ഒന്ന് | Teaches Retired maths Teachers & Students | PTA |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 6. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | കുട്ടികൾ, കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും മറ്റു ദിവസങ്ങളിലും | ടീച്ചർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേഴ്സ് ഗണിത ക്ലബ്ബ് |
| 7. ഗണിത മേളയിൽ കുട്ടികളെ പരിശീലിപ്പിച്ച് പങ്കെടുപ്പിക്കൽ | പരിശീലന പ്രവർത്തനങ്ങൾ | അവധി ദിവസങ്ങളിൽ | ടീച്ചർ | ടീച്ചർ ഗണിത ക്ലബ്ബ് |
| 8. ഗണിത ലാബ് | ഗണിത ലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | മാസത്തി ലൊരിക്കൽ | Teachers and Students | Teacher |
| 9. രക്ഷിതാക്കൾക്ക് ബോധവൽക്കരണം | റിട്ടയർ ചെയ്ത ഗണിത അധ്യാപകരുടെ സഹായം | 2nd Term | All teachers | HM, PTA Teacher |

Scanned with OKEN Scanner

# ENGLISH ACADEMIC MASTER PLAN (HS SECTION)

| | Objectives | Activites | Organizer | Finansing Source | Duration |
|---|---|---|---|---|---|
| 1<br>2 | Develop Listening and Speaking<br>Effective Communicate | * Story time * English Assembly<br>* Just a Minute (JAM) * Public Speaking<br>* Sohloquy<br>* Speaches -welcome - vote of thanks | ENGLISH CLUB | SSA<br>PTA | Yearly |
| 3<br>*<br>* | Reading Skill<br>Improve Vocabulary<br>Comprehend the Language | * Reading - Newspaper, Short Stories - Poems<br>* Reading Competetion<br>* Seminar Presentation | ENGLISH CLUB TEACHERS | LIBRARY | Yearly |
| 4<br>*<br><br>* | Writing Skill<br>Express Ideas<br>In fluent English<br>Use Grammatically Correct English | * Story Writing Competition<br>* Essay Writing<br>* English Verification<br>* Wall Magazine | ENGLISH FEST | SSA<br>PTA | Third Term |
| 5<br>6<br>7 | Enjoy Literary works<br>Handle Language usely<br>Develop Interest<br>in English | *Script Writing, Skit Presentation<br>*Role Play<br>* Choreography<br>* Preperation of Magazine<br>* Book review | ENGLISH CLUB TEACHERS | SCHOOL GRANT<br>PTA | Yearly |

Scanned with OKEN Scanner

# Hindi Academic Master Plan

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല സാമഗ്രി | സഹായം |
|---|---|---|---|---|
| 1 ആസാൻ ഹിന്ദി - ഹിന്ദിയിൽ സംസാരിക്കുവാനുള്ള കഴിവ് വളർത്തിയെടുക്കുന്നു | വളരെ ഈസിയായി ഹിന്ദി സംസാരിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കാൻ പറ്റുന്ന രീതിയിൽ ഗ്രൂപ്പ് പ്രവർത്തനം, പ്രസംഗപരിശീലനം, പ്രസംഗ ശില്പശാല | ദീർഘം | ഹിന്ദി അധ്യാപിക ബി.ആർ.സി. | |
| 2 എഴുത്ത് കളരി | വായനകുറിപ്പ്, അനുഭവകുറിപ്പ് തയ്യാറാക്കൽ, ചിത്രകഥ വായിച്ച് ആശയം എഴുതാനുള്ള പ്രവർത്തനം | ദീർഘം | ഹിന്ദി അധ്യാപിക | |
| 3 അക്ഷരം എഴുതൽ കണ്ടെത്തൽ വായിക്കൽ | അക്ഷരകാർഡ് നൽകി ഉറക്കെ വായിപ്പിക്കൽ. അക്ഷര കാർഡിൽ നിന്ന് ഓരോ അക്ഷരങ്ങളായി കണ്ടെത്തി വാക്കുകൾ നിർമ്മിക്കുക. ഉച്ചാരണ പരിശീലനം | ദീർഘം | ഹിന്ദി അധ്യാപിക | |
| 4. ഹിന്ദിയിൽ പിന്നോക്കമുള്ള കുട്ടികൾക്ക് പരിശീലനം | WS നൽകുന്നു. ശ്രദ്ധ നടപ്പിലാക്കുക. കളികളിലൂടെ ഭാഷാ പഠനം | ഹ്രസ്വം | ഹിന്ദി അധ്യാപിക | |
| 5 പോസ്റ്റർ നിർമ്മാണം | വിവിധ വിഷയങ്ങൾ നൽകി പോസ്റ്റർ നിർമ്മിക്കാനുള്ള പരിശീലനം. ക്ലബ്ബ് മുഖേന പരിശീലനം | ഹ്രസ്വം | ഹിന്ദി അധ്യാപിക | |

Scanned with OKEN Scanner

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല സാമഗ്രി | സഹായം |
|---|---|---|---|---|
| 6 വ്യാകരണം മനസ്സിലാക്കി വാക്യഘടന പരിചയപ്പെടുത്തുന്നു | ചാർട്ടിൽ കാണുന്ന പദങ്ങൾ, നാമം, വിശേഷണം ഇവ കണ്ടെത്തി അർത്ഥം ഗ്രഹിച്ച് വാക്യം ഉണ്ടാക്കുക. കവിത പൂർത്തിയാക്കുക. ഹിന്ദി ഡിക്ഷണറി നിർമ്മാണം | ഹ്രസ്വം | ഹിന്ദി | |
| 7 യാത്രകളിലൂടെ | ഹിന്ദി ഡോക്യുമെന്ററി, സീരിയൽസ് സിനിമകൾ കാണാനുള്ള അവസരം കവിത, വാർത്ത കേൾപ്പിക്കൽ. സ്കൂൾ റേഡിയോയിൽ ഹിന്ദി അവതരണം, ഹിന്ദി അസംബ്ലി, ഹിന്ദി ജനതയുമായി ആശയവിനിമയം | ദീർഘം | ഹിന്ദി | |

Scanned with OKEN Scanner

# മേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|
| വിദ്യാലയത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹെൽത്ത് കോർണറുകൾ സ്ഥാപിക്കൽ<br>Continuation of 20023-24 | 2024 ജൂൺ മുതൽ 2025 മെയ് വരെ | വിദ്യാലയ വികസന സമിതി<br>പി.ടി.എ.<br>അധ്യാപകർ<br>എ.എസ്.എ.<br>....... | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ,<br>പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മകൾ,<br>സ്പോൺസർഷിപ്പ്<br>....... | വിദ്യാലയത്തിലെ വിവിധ മേഖലകളിൽ ഹെൽത്ത് കോർണറുകൾ സ്ഥാപിക്കാനുള്ള പദ്ധതി വഴി വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളുടെയും ആരോഗ്യം ഉറപ്പുവരുത്തൽ<br><br>റിമാർക്സ്<br><br>കഴിഞ്ഞ അധ്യയന വർഷത്തിൽ ഹെൽത്ത് കോർണർ എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞവർഷം ഒക്ടോബറിൽ ഹൈ - ഹൈ - കോർട്ട് സ്ഥാപിക്കുകയും ഉപജില്ല ഹൈ - ഹൈ - മത്സരം സംഘടിപ്പിക്കുകയും ചെയ്തു.<br><br>ഘട്ടംഘട്ടമായി മാത്രമേ ഹെൽത്ത് കോർണർ എന്ന ലക്ഷ്യം പ്രാപ്തമാക്കാൻ സാധിക്കൂ. |

Scanned with OKEN Scanner

## സംസ്കൃതം

- സംസ്കൃത പഠനത്തിൽ താത്പര്യമുണ്ടാകും.
- സംസ്കൃത പാഠങ്ങൾ തിരിച്ചറിയാനും വായിക്കുവാനും കഴിവ് നേടും.
- അക്ഷരവ്യക്തതയോടെ ഉച്ചരിക്കാനുള്ള കഴിവ് നേടും.
- സുഭാഷിതങ്ങൾ ആലപിക്കാനുള്ള കഴിവ് നേടും.
- അക്ഷരശ്ലോകങ്ങൾ ചൊല്ലാനുള്ള താത്പര്യമുണ്ടാകും.
- വാക്യങ്ങൾ സ്വയമെഴുതാനുള്ള കഴിവ് നേടും.
- സംസ്കൃതത്തിൽ സംസാരിക്കാനുള്ള കഴിവ് നേടും.
- ചരിത്രാവബോധം നേടും.
- ശാസ്ത്രാവബോധം നേടും.
- രചനകൾ നടത്താനുള്ള ശേഷി നേടും.
- സംസ്കൃതം ഡോക്യുമെന്ററികളും വിവരണങ്ങളും ചെയ്യാൻ കഴിവ് നേടും.

Scanned with OKEN Scanner

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കേൾവി | സംസ്കൃത സംഭാഷണങ്ങൾ, പദങ്ങൾ, ഗാനങ്ങൾ, അനൂദിത ഗാനങ്ങൾ എന്നിവ കുട്ടികൾക്ക് കേൾപ്പിക്കുന്നു. പദങ്ങൾ ഏറ്റുപറയാനും ഗാനങ്ങൾ ഏറ്റു പറയാനും ഗാനങ്ങൾക്ക് ഒപ്പം പാടാനും അവസരം ഒരുക്കുന്നു | 1 മാസം | അധ്യാപകൻ | ഇല്ല |
| 2. ഉച്ചാരണം | അക്ഷരങ്ങൾ യഥാസ്ഥാനത്ത് ഉച്ചരിക്കാൻ പഠിക്കുന്നു. അക്ഷരസ്ഫുടതയോടെ ശ്ലോകങ്ങൾ ചൊല്ലുവാനുള്ള പരിശീലനം നൽകുന്നു | 1 കൊല്ലം | അധ്യാപകൻ<br>കുട്ടികൾ | ഇല്ല |
| 3 എഴുത്ത് | അക്ഷരങ്ങൾ അഭ്യാസ പുസ്തികയിൽ മാതൃകയനുസരിച്ച് എഴുതാൻ ശീലിക്കുന്നു. രണ്ടുവര പുസ്തകത്തിൽ അക്ഷരങ്ങളും പദങ്ങളും എഴുതുന്നു. ചിത്രങ്ങൾ കണ്ട് പദങ്ങൾ തിരിച്ചറിഞ്ഞ് എഴുതാൻ ശീലിക്കുന്നു.<br>മലയാള വാക്യങ്ങൾ സംസ്കൃതത്തിലേക്ക് വിവർത്തിച്ച് എഴുതാൻ ശീലിക്കുന്നു.<br>സംസ്കൃതോത്സവങ്ങളിൽ പങ്കെടുക്കുന്നതിനായി കഥ, കവിത, ഉപന്യാസം, സമസ്യാപൂരണം എന്നിവ എഴുതുന്നതിന് പരിശീലനം നൽകുന്നു. | 1 കൊല്ലം | അധ്യാപകൻ<br>കുട്ടികൾ | ഇല്ല |
| 4. നിഘണ്ടു നിർമ്മാണം (കോശ നിർമ്മാണം) | ചിത്രങ്ങൾ പദങ്ങളോട് ചേർത്ത് ചിത്രപദകോശം നിർമ്മിക്കുന്നു.<br>പുല്ലിംഗപദങ്ങൾ, സ്ത്രീലിംഗ പദങ്ങൾ, നപുംസക ലിംഗ പദങ്ങൾ എന്നിവയുടെ പദകോശം നിർമ്മിക്കുന്നു. | അധ്യാപകർ<br>കുട്ടികൾ<br>1 കൊല്ലം | അധ്യാപകർ<br>കുട്ടികൾ | ഇല്ല |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5. വായന | അവയപദങ്ങൾ ശേഖരിച്ച് ക്ത്വാന്തം, തുമുന്നന്തം, ല്യബന്തം എന്നിവയുടെ അവ്യയപദകോശം നിർമ്മിക്കുന്നു.<br>വായനാകാർഡുകളുടെ നിർമ്മാണം ലൈബ്രറി പുസ്തകങ്ങളുടെ സദുപയോഗം. | 1 കൊല്ലം | | |
| | പുസ്തക പാരായണ മത്സരങ്ങൾ സംഘടിപ്പിക്കൽ, കഥാകഥനം, പുസ്തക പരിപാലനം, സിദ്ധരൂപോച്ചാരണം എന്നിവ സംഘടിപ്പിക്കുന്നു. | 1 കൊല്ലം | അധ്യാപകർ കുട്ടികൾ | ഇല്ല |
| 6. ചരിത്രപോഷണം | മഹാന്മാരെ അറിയൽ, ജീവനരേഖാചിത്രപുസ്ത നിർമ്മാണം, പഠനയാത്ര എന്നിവ. | 1 കൊല്ലം | അധ്യാപകർ കുട്ടികൾ | ഇല്ല |
| 7. ശാസ്ത്രോത്സവം | ശാസ്ത്രകാരന്മാരുടെ വിവരശേഖരണം, ശാസ്ത്രഗ്രന്ഥങ്ങളുടെ പ്രദർശനം, ശാസ്ത്രകേന്ദ്രങ്ങളിലേക്ക് സന്ദർശനം എന്നിവ | 1 കൊല്ലം | അധ്യാപകർ കുട്ടികൾ PTA | വേണം |
| 8. അവതരണം | സംഭാഷണകൗശലം നേടൽ നാടകാഭിനയ പരിശീലനം, സംസ്കൃതോത്സവത്തിനായുള്ള പരിശീലനം എന്നിവ | 1 കൊല്ലം | അധ്യാപകർ കുട്ടികൾ PTA | വേണം |
| 9. ചിത്രീകരണം | സംസ്കൃത സംഭാഷണങ്ങൾ, റീലുകൾ, ചലനചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവ നിർമ്മിക്കൽ | 1 കൊല്ലം | അധ്യാപകർ കുട്ടികൾ PTA | വേണം |

Scanned with OKEN Scanner

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 6. ചരിത്രപോ ഷണം | മഹാന്മാരെ അറിയൽ, ജീവനരേഖാഭിത്തിപത്ര നിർമ്മാണം, പഠനയാത്ര എന്നിവ. | 1 കൊല്ലം | അധ്യാപകൻ കുട്ടികൾ | ഇല്ല |
| 7. ശാസ്ത്രോത്സവം | ശാസ്ത്രകാരന്മാരുടെ വിവരശേഖരണം, ശാസ്ത്രഗ്രന്ഥങ്ങളുടെ പ്രദർശനം, ശാസ്ത്രകേന്ദ്രങ്ങളിലേക്ക് സന്ദർശനം എന്നിവ | 1 കൊല്ലം | അധ്യാപകൻ കുട്ടികൾ PTA | വേണം |
| 8. അവതരണം | സംഭാഷണകൗശലം നേടൽ നാടകാദിനയ പരിശീലനം, സംസ്കൃതോത്സവത്തിനായുള്ള പരിശീലനം എന്നിവ | 1 കൊല്ലം | അധ്യാപകൻ കുട്ടികൾ PTA | വേണം |
| 9. ചിത്രീകരണം | സംസ്കൃത സംഭാഷണങ്ങൾ, റീലുകൾ, ചലനചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവ നിർമ്മിക്കൽ | 1 കൊല്ലം | അധ്യാപകൻ കുട്ടികൾ PTA | വേണം |

Scanned with OKEN Scanner

## വിഷയം : സാമൂഹ്യശാസ്ത്രം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യങ്ങൾ | പ്രക്രിയ | സമയ ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഫീൽഡ് ട്രിപ്പ്<br>HS | ചരിത്ര പൈതൃക സംരക്ഷണം | ചരിത്രശേഷിപ്പുകൾ, സന്ദർശനം | 1 ദിവസം | അധ്യാപകർ<br>PTA | P TA |
| സെമിനാർ<br>HS | നേതൃത്വഗുണം<br>അവതരണ പാടവം | വിവരശേഖരണം | 1 ആഴ്ച | അധ്യാപകർ | |
| അറ്റ്ലസ് നിർമാണം<br>Wold Map UP, HS | സ്ഥാന നിർണ്ണയം<br>ഭൂതല വിശകലനം | ഭൂപട നിർമ്മാണം | 1 മാസം | എച്ച്. എം.<br>അധ്യാപകർ | P TA |
| സ്കൂൾ പാർലിമെന്റ് തെരഞ്ഞെടുപ്പ്<br>UP, HS | ജനാധിപത്യബോധം<br>പൗരബോധം | തെരഞ്ഞെടുപ്പ് | 2 ആഴ്ച | അധ്യാപകർ | P TA |
| പ്രതിഭാ പോഷണം<br>HS | പ്രതിഭകളെ കണ്ടെത്തൽ | ക്വിസ്, സ്കോളർഷിപ്പ് പരീക്ഷകൾ | 8 മാസം | അധ്യാപകർ<br>രക്ഷാകർത്താക്കൾ | |
| അഭിമുഖം<br>HS | വിവര ശേഖരണം | സന്ദർഭോചിതമായ ഇടപെടൽ | 1 മാസം | അധ്യാപകർ<br>രക്ഷാകർത്താക്കൾ | |
| ഗ്ലോബ്<br>HS | ഭൂതല വിശകലനം<br>സ്ഥാന നിർണ്ണയം | മാതൃക നിർമ്മാണം | 1 മാസം | അധ്യാപകർ<br>രക്ഷാകർത്താക്കൾ | |

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ രസതന്ത്രം എച്ച്.എസ്.

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| സയൻസ് ക്ലബ്ബ്<br><br>YIP ക്ലബ്ബ്<br>കിണർ വെള്ളം പരിശോധന | സയൻസ് ക്ലബ്ബ് രൂപീകരണം<br>കണ്ടുപിടിത്തങ്ങളെ പ്രോത്സാഹിപ്പിക്കാൻ,<br>സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുടുംബങ്ങളുടെ വീട്ടിലെ ജലത്തിന്റെ ഗുണനിലവാര പരിശോധന | ജൂൺ<br>ജൂൺ - സെപ്തംബർ<br>ഒരു ദിവസം | അധ്യാപകർ<br>അധ്യാപകർ<br>അധ്യാപകർ കുട്ടികൾ | ഇല്ല | |
| ഫീൽഡ് ട്രിപ്പ് | കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനാവശ്യമായ നിരീക്ഷണപാടവം ഉണ്ടാക്കുന്നതിനനുയോജ്യമായ സ്ഥലങ്ങൾ സന്ദർശിക്കുന്നു. | ഒരു ദിവസം (ജൂലൈ) | അധ്യാപകർ<br>കുട്ടികൾ<br>പി.ടി.എ | വേണം | |
| | ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കുന്നതും, അത്തരം ഭക്ഷണം കഴിച്ചാലുണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ചും വിദഗ്ദന്റെ നേതൃത്വത്തിൽ സെമിനാർ | ഒരു ദിവസം (സെപ്തംബർ) | അധ്യാപകർ<br>വിദഗ്ദർ | വേണം | |
| ശാസ്ത്രാവബോധം ഉണ്ടാക്കൽ | സ്കൂൾതല ക്വിസ് പ്രോഗ്രാം<br>വിവിധ ദിനാചരണങ്ങൾ<br>ശാസ്ത്രജ്ഞരെ പരിചയപ്പെടൽ | മൂന്നു ടേമുകൾ | അധ്യാപകർ | ഇല്ല | |
| കണ്ടുപിടുത്തങ്ങള സമൂഹ നന്മയ്ക്കായ് | YIP,<br>inspir award എന്നിവ | ജൂൺ മുതൽ സെപ്തംബർ വരെ | അധ്യാപകർ<br>രക്ഷിതാക്കൾ കുട്ടികൾ | | |

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| Programme | Activity | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. യു. പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | * അക്ഷരം എഴുതൽ<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷരകാർഡ്<br>വാക്കുകൾ എഴുതിയ കാർഡ്<br>* വാക്കുകൾ നിർമ്മാണം<br>* വാക്യങ്ങളുടെ നിർമ്മാണം | ജൂൺ<br>to<br>ആഗസ്റ്റ് | പദചാർട്ട്<br>പാഠപുസ്തകം | BRC<br>DIET<br>SCERT |
| 2. വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | * വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പേര് ഹിന്ദിയിൽ തയ്യാറാക്കാം<br>* ഐ.സി.ടി. സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>* CWSN കുട്ടികളുടെ പങ്കാളിത്തം | സെപ്തംബർ<br>to<br>ഒക്ടോബർ | ഹിന്ദി<br>നിഘണ്ടു | PTA<br>BRC<br>RESOURCE<br>TEACHER |
| 3. ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മ രചനകൾ വികസിപ്പിക്കാനുള്ള അവസരം (സുരീലി ഹിന്ദി) | * ഹിന്ദി അസംബ്ലി<br>* ദിനാചരണങ്ങൾ<br>(പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനുവരി 10)<br>* ക്ലാസ് ലൈബ്രറി<br>* അധിക വായന സാമഗ്രികൾ<br>* ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>* ചിത്രം - അടിക്കുറിപ്പ്<br>* കഥ ബാക്കി എഴുതൽ<br>* ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | നവംബർ<br>to<br>ഫെബ്രുവരി | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |

# ACADEMIC MASTER PLAN - ENGLISH
# UP SECTION

| Objectives | Activities | Duration | Duty | Financial Source |
|---|---|---|---|---|
| To improve the listening skills of students | 1. Summarize short stories, Poems etc.<br>2. English radio news is recorded and played providing an opportunities to listen.<br>3. Compare and contrast two audio advertisements.<br>4. Chinese whispers game in which messages are whispered from person to person and then original and final messages are compared. | Medium Duration | English Teachers | Local well wishers group |
| To improve the speaking skills of students. | 1 Conduct debates on class.<br>2 Describe pictures.<br>3. Studentss can conduct interviews on subject experts.<br>4 Spoken English Coaching. | Long Term | Special guest from English experts | English Club |
| To improve the reading skills of students. | 1 Provide books at the right level to read. Provide class library facilities.<br>2 Opportunities are provided for presenting different stories in the form of readers theatere or radio drama.<br>3. Opportunities are provided to read English newspapers. Reader of the month is appreciated.<br>4 Reading together with students. | Long Term | English Teachers | Old students association |

Scanned with OKEN Scanner

| Objectives | Activities | Duration | Duty | Financial Source |
| --- | --- | --- | --- | --- |
| To improve the writing skills of students. | 1 "Class Magazines" are prepared with childrens artistic Creations.<br>2. Grammer workshop.<br>3 Classes are divided into groups. After reading the words displayed on the chart and then writing them on another chart without errors the group that succeeds first is declared as winner.<br>4. Information boards, posters, notices etc. displayed in the school premises and classrooms. | Medium Duration | Faculty from English experts | Retired teachers association. |

Scanned with OKEN Scanner

# ACADEMIC MASTER PLAN UP -SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | 1. സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | 2. ഐ.സി.ടി. സാധ്യതകളുപയോഗിച്ച് വിവിധ നദികൾ, തലസ്ഥാനങ്ങൾ, വൈവിദ്യങ്ങൾ, ഭൂപ്രകൃതി എന്നിവ വിവരിച്ചുനൽകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | 3. ദേശീയ അന്തർദേശീയ തലങ്ങളി ലുള്ള വിവരങ്ങൾ അടിസ്ഥാനമാക്കി ക്വിസ് Competition നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | കുട്ടികൾക്കായി പ്രധാന ചരിത്ര സ്മാരകങ്ങളെയും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളെയും ഉൾപ്പെടുത്തി virtual field trip നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3. സഹജീവികളോട് സമഭാവന വളർത്തി യെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾഎന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 4 വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെകുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടേയും ട്രാഫിക് പോലീസിന്റേയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5 സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ - യു.പി.ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, കല്ലുകൾ, മുത്തുകൾ ഉപയോഗിക്കാം) | ജൂൺ മാസം | | ഗണിത ക്ലാസ് |
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിഞ്ഞും നിർമിച്ചും അതിൽ നിന്നും സംഖ്യാപാറ്റേണുകൾ കണ്ടെത്തുന്നു. | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ചുള്ള ചിത്രം വരയ്ക്കൽ.<br><br>ജ്യാമിതീയ രൂപങ്ങളിൽ നിന്നും സംഖ്യാപാറ്റേണുകൾ കണ്ടെത്തി എ4 ഷീറ്റിൽ എഴുതുന്നു. | ആവശ്യാനുസരണം | ഗണിത ക്ലബ്ബ്<br>ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്<br>ഗണിത അധ്യാപകർ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും ചേർന്ന് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ട മാർഗനിർദ്ദേശം നൽകുകയും പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുകയും ചെയ്യുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | ഗണിത ക്ലാസ് |
| ഗണിതത്തിലെ പ്രശ്നങ്ങൾ കണ്ടെത്തി സ്വയം പരിഹരിക്കൽ | വർക്ക് ഷീറ്റ് നിർമ്മാണം<br>ഓരോ പാഠത്തിനുശേഷം സ്വന്തമായി വർക്ക്ഷീറ്റ് നിർമ്മിച്ച് പതിപ്പ് തയ്യാറാക്കുന്നു | ഓരോ യൂണിറ്റിന്റെയും അവസാനം | ഗണിത അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ | |
| ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാണെന്ന് ബോധ്യപ്പെടുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ ഐ.സി.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തി ചെയ്യുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | എച്ച്. എസ്,<br>യു.പി. വിഭാഗം ഗണിത അധ്യാപകർ | |

Scanned with OKEN Scanner

# യു. പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 1. അക്കാദമിക മേഖല ഭാഷയുടെ അടിസ്ഥാനശേഷി വികസനം | വായന : പാഠഭാഗങ്ങളുടെ ഭാവാത്മക വായന, കാവ്യാലാപനം, എഴുത്തുകാരുടെ കൃതികൾ, പരിചയപ്പെടുത്തൽ. എഴുത്ത് : കഥയെഴുത്ത്, കവിതയെഴുത്ത്, ഡയറിയെഴുത്ത്, റിപ്പോർട്ട് എഴുത്ത് തുടങ്ങിയവ പരിശീലിപ്പിക്കുന്നു. പ്രസംഗ കളരി : ഫലപ്രദമായ ആശയവിനിമയത്തിന് വേണ്ട സംഭാഷണ കഴിവുകൾ പ്രസംഗ കലയിലൂടെ വികസിപ്പിക്കുന്നു. ആഴ്ചയിലൊരിക്കൽ ക്ലാസ്സിൽ പരിചയപ്പെടുത്തൽ, വിഷയാവതരണം. | അക്കാദമിക വർഷം ജൂൺ ജൂലൈ | മലയാളം അധ്യാപകർ | അധ്യാപകർ |
| 2 പഠിതാവിൽ ആഴത്തിലുള്ള വായന ഉറപ്പുവരുത്തുക | വായനമൂല ഒരുക്കൽ : ക്ലാസ്സ് ലൈബ്രറി പ്രയോജനപ്പെടുത്തുന്നു. വായനമൂലകൾ ഒരുക്കുന്നു. എന്റെ പുസ്തകം ജന്മദിന പുസ്തകം സ്കൂളിലേക്ക് നൽകുന്നു. വാർത്താവായന : പത്രവാർത്ത ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും വായിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | മലയാളം അധ്യാപകർ ക്ലാസ്സ് ലീഡർ | അധ്യാപകർ |
| 3 പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം : പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ആഗസ്റ്റ് | മലയാളം അധ്യാപകർ | PTA |
| 4 രക്ഷിതാക്കളിലെ സർഗ്ഗാത്മകശേഷി വളർത്തൽ | മാഗസിൻ തയ്യാറാക്കൽ : പഠിതാക്കളുടെ സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുക. | ജനുവരി | മലയാളം അധ്യാപകർ | PTA |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഭൗതികമേഖല<br>5. മലയാള ഭാഷയുടെ സമ്പന്നമായ പൈതൃകവും സാഹിത്യവും തിരിച്ചറിയുകയും അവയിൽ അഭിനിവേശം വളർത്തുകയും ചെയ്യുന്നു. | **വേരുകൾ തേടി** : നാട്ടിലെ കലാകാരൻമാരെയും എഴുത്തുകാരെയും, നാടക കലാകാരൻമാർമാരെയും പരിചയപ്പെടുകയും, അഭിമുഖങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ചോദ്യാവലികൾ തയ്യാറാക്കുന്നു.<br>**നാടറിയാൻ യാത്രകൾ** : ചുറ്റുവട്ടങ്ങളിലുള്ള സാമൂഹിക, സാംസ്കാരിക ചരിത്ര പ്രാധാന്യമുള്ള ഇടങ്ങളിലേക്കുള്ള പൈതൃകാന്വേഷണ യാത്രകൾ സംഘടിപ്പിക്കുന്നു. യാത്രാനുഭവങ്ങൾ, വിവരണങ്ങൾ തയ്യാറാക്കുന്നു.<br>**ഭാഷാവിസ്മയങ്ങൾ** : ഭാഷാസാഹിത്യ ക്വിസ്, ദിനാചരണങ്ങളുടെ ഭാഗമായുള്ള ക്വിസ്, ചോദ്യോത്തര പയറ്റ്, പഴഞ്ചൊൽ, കടങ്കഥ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.<br>**ആഴത്തിൽ അറിയാൻ** : ഏതെങ്കിലും ഒരു കലാരൂപം ആഴത്തിൽ അറിയുന്നതിന് അവസരം ഒരുക്കുന്നു. | ജനുവരി<br>ഫെബ്രുവരി<br>അക്കാദമിക വർഷം | മലയാളം അധ്യാപകർ<br>വിദ്യാരംഗം കലാസാഹിത്യവേദി | അധ്യാപകർ<br>PTA |

Scanned with OKEN Scanner

## യു. പി. സയൻസ് (അടിസ്ഥാന ശാസ്ത്രം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിസകലനം. |
|---|---|---|---|---|
| 1. ശാസ്ത്രപ്രക്രിയാ ശേഷി വികസിപ്പിക്കുക. | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.<br>**ശാസ്ത്ര ലൈബ്രറി**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി.<br>**ശാസ്ത്രകിറ്റ്, ഹോംലാബ്**<br>ഇവയുടെ ഉപയോഗം, വിപുലീകരണം | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | PTA<br>രക്ഷിതാക്കൾ |
| 2. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ഐ.സി.ടി.യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

Scanned with OKEN Scanner

# യു. പി. അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിസകലനം. |
|---|---|---|---|---|
| 3. കാർഷിക പ്രവൃത്തികളോട് കുട്ടികളിൽ ആഭിമുഖ്യം വളർത്തുക. കൃഷിയോടുള്ള ശാസ്ത്രീയ സമീപനം പ്രോത്സാഹിപ്പിക്കുക. | **അടുക്കളത്തോട്ടം**<br>വീടുകളിൽ ഒരിനം പച്ചക്കറിയെങ്കിലും കൃഷി ചെയ്ത് വളർച്ചാഘട്ടങ്ങളുടേയും വിളവിന്റെയും കുറിപ്പ് തയ്യാറാക്കുക.<br>**ഫലവൃക്ഷ ഉദ്യാനം**<br>നാടൻ ഫലവൃക്ഷത്തൈകൾ സ്കൂളിൽ നിന്നും നൽകി അവ നട്ട് പരിപാലിക്കുക. | ജൂലൈ, ആഗസ്റ്റ് | ശാസ്ത്രാധ്യാപകർ സ്കൂൾ കാർഷിക | രക്ഷിതാക്കൾ |
| 4. ആവാസ വ്യവസ്ഥയിലെ വൈവിധ്യവും ജീവികളിലെ പരസ്പര ബന്ധവും തിരിച്ചറിഞ്ഞ് പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുക. | **ഫീൽഡ് ട്രിപ്**<br>വ്യത്യസ്ത ആവാസവ്യവസ്ഥകൾ സന്ദർശിച്ച് അവയുടെ വൈവിധ്യം തിരിച്ചറിഞ്ഞ് പ്രൊജക്ട് തയ്യാറാക്കുക.<br><br>ജൈവ വൈവിധ്യപാർക്ക് നിർമ്മാണം | ജൂലൈ<br><br>അക്കാദമികവർഷം | ശാസ്ത്രാധ്യാപകർ എക്കൊ ക്ലബ്ബ്<br><br>ശാസ്ത്രാധ്യാപകർ എക്കൊ ക്ലബ്ബ് സയൻസ് ക്ലബ്ബ് | PTA ശാസ്ത്ര ക്ലബ്ബ് രക്ഷിതാക്കൾ |
| 5. പോഷക സമൃദ്ധമായ ഭക്ഷണം ആരോഗ്യത്തിന് ആവശ്യമാണ് എന്ന് തിരിച്ചറിയുക. വ്യത്യസ്ത ആഹാരങ്ങളിലെ പോഷകങ്ങളെ അറിയുക. | **ഭക്ഷ്യമേള**<br>വ്യത്യസ്ത പോഷകങ്ങൾ അടങ്ങിയ ഭക്ഷണം തയ്യാറാക്കി കൊണ്ട് അവയുടെ പ്രദർശനം സംഘടിപ്പിക്കുന്നു. | ഡിസംബർ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിസകലനം. |
|---|---|---|---|---|
| 6 വ്യക്തി ശുചിത്വത്തിന്റേയും പരിസര ശുചിത്വത്തിന്റേയും ആവശ്യകത തിരിച്ചറിയൽ | **സർവ്വേ**<br>മഴക്കാലരോഗങ്ങൾ പടരുന്നതുമായി ബന്ധപ്പെട്ട സർവ്വേ ചോദ്യാവലി സ്കൂളിൽ നിന്നും ലഭ്യമാക്കുന്നു.<br>ബോധവത്ക്കരണ സെമിനാർ സംഘടിപ്പിക്കുന്നു | ആഗസ്റ്റ് സെപ്റ്റംബർ | ശാസ്ത്രാധ്യാപകർ ഹെൽത്ത് ക്ലബ്ബ് | പിടിഎ |
| 7. നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന വിവിധ പദാർത്ഥങ്ങളുടെ രാസഭൗതികഗുണങ്ങൾ തിരിച്ചറിഞ്ഞ് ശാസ്ത്രീയമായി പ്രയോജനപ്പെടുത്താൻ കഴിയുക<br>പരീക്ഷണ പ്രവർത്തനങ്ങൾ, ഉപകരണങ്ങൾ എന്നിവ കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കുക. | **സോപ്പ് നിർമ്മാണം**<br>സോപ്പ് നിർമ്മാണം പരിചയപ്പെടുത്തുന്നതിനായി ഏകദിന ശിൽപശാല സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | PTA സയൻസ് ക്ലബ്ബ് |
| 8. ആകാശ വിസ്മയങ്ങളുടെ നേരനുഭവം | ചാന്ദ്ര നിരീക്ഷണം, രാത്രികാലങ്ങളിലെ നക്ഷത്ര നിരീക്ഷണം പ്രൊജക്ട്. | ജനുവരി - ഫെബ്രുവരി | ശാസ്ത്രാധ്യാപകർ | |

Scanned with OKEN Scanner